1967 ഏപ്രിൽ 9—ാം തീയതി കോട്ട
യ്ക്കൽ ആയ്വൈദ്യശാലയിൽ
വച്ചു ചേരുന്ന നാലാം ആയു-
ർവ്വേദസെമിനാർ

ഉൽഘാടനപ്രസംഗം

ആയ്വൈദ്യൻ
വയസ്കര എൻ. എസ്. മൂസ്സ്.

ഉൽഘാടനപ്രസംഗം

അഷ്ടവൈദ്യൻ

വയസ്കര എൻ. എസ്. മൂസ്

ബ്രഹ്മദക്ഷാശ്വിമഹ്വ-
ദാത്രേയാദീൻ നതോസ്മ്യഹം
ആയുർവ്വേദവിദോ വൈദ്യാൻ
ലോകത്രയഹിതൈഷിണഃ

ഇവിടെ കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽവെച്ചു കൂടുന്ന ഈ നാലാമത്തെ ആയുർവ്വേദസെമിനാർ ഉൽഘാടനംചെയ്യുന്നതിനു് എന്നെ നിയോഗിച്ചതിൽ തൽഭാരവാഹികളോടുള്ള കൃതജ്ഞതയെ ആദ്യമായിത്തന്നെ രേഖപ്പെടുത്തുന്നതിനു് എനിക്കു് അതിയായ സന്തോഷമുണ്ടു്.

ഇപ്രകാരമുള്ള ആയുർവ്വേദശാസ്ത്രസംബന്ധമായ ചർച്ചാസമ്മേളനങ്ങളും വൈദ്യവിദ്യാർത്ഥികൾക്കു മാത്രമല്ല വൈദ്യന്മാർക്കുകൂടി സൂക്ഷ്മസൂക്ഷ്മങ്ങളായ ശാസ്ത്രവാക്യാർത്ഥങ്ങളെ മനസ്സിലാക്കുന്നതിനു അതീവോപകാരപ്രദങ്ങളാണു്.

"തദവിദ്യസംഭാഷാ
ബുദ്ധിവർദ്ധനാനാം"

എന്നാണല്ലോ പറയുന്നതു്.

ഈ പ്രാവശ്യത്തെ ആയുർവ്വേദസെമിനാറിലെ ചർച്ചയ്ക്കുടിസ്ഥാനമായി വൈദ്യൻ V. K. R. തിരുമുല്പാടിന്റെ ഗ്രഹണി എന്ന പേരിലുള്ള പ്രബന്ധമാണല്ലോ നിശ്ചയിച്ചിട്ടുള്ളതു്.

ഈ പ്രബന്ധം വായിച്ചതിൽ എനിക്കു തോന്നിയ ചില അഭിപ്രായഭേദങ്ങളെക്കുറിച്ചു് അല്പം ചില കാര്യങ്ങളും പറയുന്നതിനു് ആദ്യമായി ഞാൻ ആഗ്രഹിക്കുന്നു. ചർച്ചാവേളയിൽ ഈ അഭിപ്രായങ്ങളും പ്രയോജനപ്പെടുമെന്നും ഞാൻ കരുതുന്നു.

"പിത്തം പ്രകൃത്യാ ദ്രവമാണെങ്കിലും പാചകപിത്തം കട്ടിയാണു്. അഗ്നിപ്രതിരൂപകമാണു പിത്തമെന്നു മുമ്പു പറഞ്ഞു. മറ്റു പിത്തങ്ങളെ അപേക്ഷിച്ചു പാചകപിത്തത്തിൽ അഗ്നേയാംശം അധികമുണ്ടു്. അതുകൊണ്ടാണു് ഇതു കട്ടിയായതു്" എന്നു വൈദ്യൻ തിരുമുല്പാടു പറഞ്ഞിട്ടുള്ളതിനോടു ഞാൻ യോജിക്കുന്നില്ല. പ്രാചീനാചാര്യന്മാരാരും തന്നെ പാച

കപിത്തം കൂടിയാണെന്നു പറഞ്ഞിട്ടുള്ളതുമായി വിചാരിക്കാൻ യുക്തി കാണുന്നില്ല.

"പിത്തം പഞ്ചാത്മകം തത്ര
പക്വാമാശയമദ്ധ്യഗം,
പഞ്ചഭൂതാത്മകത്വേപി
യത്തൈജസഗുണോദയാൽ,
തൃക്തദ്രവത്വം പാകാദി-
കർമ്മണാഽനലശബ്ദിതം,
പവനത്വന്നം വിഭജതേ
സാരകിട്ടൌപൃഥക്തഥാ"

എന്നിത്യാദി വാഗ്ഭടവചനത്തിലെ "തൃക്തദ്രവത്വം" എന്ന പദത്തിനു "തൃക്തദ്രവസ്വഭാവം" എന്നാണ് അർത്ഥം കല്പിക്കേണ്ടതു്.

തൃക്തദ്രവത്വം എന്ന പദത്തിനു "സംജാതകഠിനം" എന്നു് അരുണദത്തൻ വ്യാഖ്യാനിച്ചിരിക്കുന്നു. പിത്തത്തിന്റെ സ്വരൂപം,

"പിത്തം സസ്നേഹതീക്ഷ്ണോഷ്ണം
ലഘു വിസ്രാ സരം ദ്രവം"

എന്നു സ്പഷ്ടമായി പഠിച്ചിട്ടുണ്ടല്ലോ. ഇങ്ങനെ പിത്തം ദ്രവമെന്നു പറഞ്ഞിരിക്കെ പിത്തഭേദമായ പാചകപിത്തം കഠിനമാണു് എന്നുള്ള അരുണദത്തവചനം പ്രാമാദികമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. സംഗ്രഹവാക്യാനുസാരേണ തൃക്തദ്രവത്വം എന്നതിനു തൃക്തദ്രവസ്വഭാവം എന്നാണു് അർത്ഥമെന്നു സ്പഷ്ടവുമാണു്.

വാഗ്ഭടശിഷ്യന്മാരിലഗ്രഗണ്യനായ ഇന്ദു ഈ പദ്യഭാഗത്തെ വ്യാഖ്യാനിച്ചിരിക്കുന്നതു് ഇപ്രകാരമാണു്:

"തത്ര തേഷു പഞ്ചസു മദ്ധ്യേ പിത്തസ്യ പഞ്ചഭൂതാത്മകത്വേ ऽപ്യാഗ്നേയഗുണോൽകർഷാൽ ക്ഷപിതശ്ലേഷ്മഗുണത്വാച്ച തൃക്തദ്രവസ്വഭാവം പക്വാമാശയമദ്ധ്യസ്ഥം ച പവനദഹനാദിക്രിയയാ ऽപി ലബ്ധാഗ്നിശബ്ദമിതി യൽ പിത്തം തൽ പാചകമിതി സ്മൃതം"

(ഇന്ദു: അ. ഹൃ. I. പേ. 73)

ഈ പദ്യഭാഗത്തെ ഹൃദ്യാകാരൻ വ്യാഖ്യാനിച്ചിരിക്കുന്നതും

"തത്ര പഞ്ചവിധേ യദാമാശയപക്വാശയയോർമ്മദ്ധ്യസ്ഥിതം പഞ്ചഭൂതാത്മകമപി തദഗ്നിഗുണോൽകർഷാൽ തൃക്തദ്രവഗുണം സഹചാരിണാ വായുനാനുഗൃഹീതം

പചന്നദഹനാദിക്രിയയാ ലബ്ധാഗ്നിശബ്ദമന്നം പച തി സ്മാരകിട്ടേ വിഭജതി".

(എല്ലാ Mss) എന്നാണ്.

വാക്യപ്രദീപികാകാരനും

"തേഷു പഞ്ചസു മദ്ധ്യ യൽ പഞ്ചഭൂതസ്വരൂപതേ പ്യാഗ്നേയഗുണോൽകർഷാൽ ക്ഷപിതസോമഗുണ-തേന വിനഷ്ടദ്രവസ്വരൂപഭാവം കേവലമൂഷ്മായമാ-ണം പകപാമാശയയോമ്മദ്ധ്യേ സ്ഥിതം സഹകാരിണാ വായുനാനുഗ്രഹാൽ പാകദാഹാദിക്രിയയാ ലബ്ധാഗ്നി ശബ്ദമന്നം കാലേന പചതി"—

(വാക്യപ്രദീപികാ. II. പേ. 19) എന്നതന്നെയാണ വ്യാഖ്യാനിച്ചിരിക്കുന്നത്.

പാചകപിത്തത്തെക്കുറിച്ച് അഷ്ടാംഗസംഗ്രഹത്തിൽ പറഞ്ഞിരിക്കുന്നഭാഗവും ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്.

"തത്ര യദാമാശയപകപാശയമദ്ധ്യസ്ഥം പഞ്ചമഹാഭൂ താത്മകതേജസി തേജോഗുണോൽകർഷാൽ ക്ഷപിത-സോമഗുണം തതശ്ച തൈക്ഷ്ണ്യദ്രവസ്വഭാവം സഹകാരികാ-രണൈർവ്വായുകർമ്മാദിഭിരനുഗ്രഹാദ്ദഹനപചനാദിക്രിയ-യാ ലബ്ധാഗ്നിശബ്ദം പിത്തമന്നം പചതി സാരകിട്ടേ വിഭജതി ശേഷാണി ച പിത്തസ്ഥാനാനി തത്രസ്ഥമേവാ നുഗൃഹ്ണാതി തൽ പാചകമിത്യുച്യതേ".

(സംഗ്രഹം I. പേ. 147-48)

ഈ സംഗ്രഹവാക്യത്തിന്റെ ഇന്ദുവ്യാഖ്യാനവും ഈ വിഷയത്തിൽ സുപഷ്ടാർത്ഥമായകമാണ്.

"തത്ര തേഷു പഞ്ചസു മദ്ധ്യേ പിത്തസ്യ പഞ്ചഭൂതാ ത്മകതേജസ്യാഗ്നേയഗുണോൽകർഷാൽ ക്ഷപിത സോമഗുണതച്ച തൈക്ഷ്ണ്യദ്രവസ്വഭാവം സഹകാരികാ രണൈഃ പവനക്രിയാം പ്രതി സവ്യാപാരൈർവ്വായുകർമ്മാ ദിഭിരനുഗ്രഹാദുപകാരാദ്യാ ദഹനപചനാദികാക്രിയാ. തസ്യ തയാപി ലബ്ധാഗ്നിശബ്ദം യൽ പിത്തം തൽ പാചകമിത്യുച്യതേ."

(ഇന്ദു: സംഗ്രഹം I. പേ. 148)

ഇനി പാചകപിത്തത്തെക്കുറിച്ചു സുശ്രുതൻ എന്തുപറയുന്നു എന്നു നോക്കാം:

"തച്ച അദ്ധിഷ്ഠാനഹേതുകേന വിശേഷേണ പക്വാമാശയ മദ്ധ്യസ്ഥം പിത്തം ചതുർവ്വിധമന്നപാനം പചതി വിവേചയതി ച ദോഷരസമൂത്രപുരീഷാണി തത്രസ്ഥമേവ ചാത്മശക്ത്യാ ശേഷാണാം പിത്തസ്ഥാനാനാം ശരീരസ്യ ചാഗ്നികർമ്മാണാഽനുഗ്രഹം കരോതി. തസ്മിൻ പിത്തേ പാചകോഽഗ്നിരിതി സംജ്ഞാ".

(സുശ്രുതം. സൂത്രം. 21 പേ. 86-87)

ഇതാതെ സുശ്രുതാചാര്യൻ പിത്തഭേദങ്ങളെ പ്രതിപാദിച്ചതിനുശേഷം പിത്തത്തിന്റെ ലക്ഷണം പഠിച്ചിരിക്കുന്നതും ശ്രദ്ധേയമാണ്.

"പിത്തം തീക്ഷ്ണം ദ്രവം പൂതി
നീലം പീതം തഥൈവ ച
ഉഷ്ണം കടുരസം ചൈവ
വിദഗ്ദ്ധം വാമ്ലമേവ ച".

(സുശ്രുതം. സൂത്രം. 21. പേ. 87)

ഇതിൽനിന്നും ദ്രവമല്ലാത്ത ഒരു പിത്തത്തെ സുശ്രുതാചാര്യൻ സ്മരിച്ചിട്ടതന്നെയില്ലെന്നുള്ളതു സുവ്യക്തമാണല്ലോ.

"അന്നസ്യ പക്തൃ പിത്തം തു
പാചകാഖ്യം പുരേരിതം,
ദോഷധാതുമലാദീനാ-
മൂഷ്മേത്യാത്രേയശാസനം".

എന്നു പറഞ്ഞിരിക്കുന്നതിൽനിന്നും ചരകമതാനുസാരേണ ദോഷധാതുമലാദികളുടെ ഉഷ്മാവാണ് അന്നത്തെ പചിപ്പിക്കുന്നത് എന്നു ശാസിക്കുന്നുണ്ടെങ്കിലും പാചകാഖ്യമായിരിക്കുന്ന പിത്തംതന്നെയാണ് അന്നപചനം നിർവഹിക്കുന്നതെന്നാണല്ലോ വാഹടാഭിപ്രായം. ദോഷാദികളുടെ ഉഷ്മാവാണ് അന്നത്തെ പചിപ്പിക്കുന്നതെന്നു പറയുന്നതും ദോഷാന്തരസമ്മിശ്രമായിരിക്കുന്ന പിത്തത്തിലെ തൈജസഗുണം ഹേതുവായിട്ടാണ് അന്നപചനം സാധിക്കുന്നതെന്നു പറയുന്നതുംതമ്മിൽ വലിയ അന്തരമൊന്നുമില്ല.

സംഗ്രഹവാക്യം ഇതിനുടിസ്ഥാനമായതു ഇപ്രകാരമാണ്.

"തത്ര പിത്തവിശേഷഃ പാചകസംജ്ഞോഽഗ്നിരിതി പ്രാഗഭിഹിതഃ. അന്യേ പുനരാചക്ഷതേ ദോഷധാതുമല സന്നിപാതജനിതോഽന്നതൃഷ്ണാ യഥാനിർദ്ദിഷ്ടാധിഷ്ഠാനകർമ്മാഗ്നിരിതി."

(സംഗ്രഹം I. പേ. 332.)

പ്രകൃതഭാഗത്തെ ഇന്ദു എങ്ങിനെ വ്യാഖ്യാനിക്കുന്നു എന്നു നോക്കുക.

"തത്രേത്യാദിനാ പാചകസംജ്ഞമഗ്നിം പ്രസ്തൗതി-പ്രാക് ദോഷഭേദീയേ പാചകസംജ്ഞഃ പിത്തഭേദോഽന്നസ്യ പക്തൗഽഗ്നിരിത്യുക്തവാനസാവാചായ്യഃ. അന്യേ പുനരാചായ്യാഃ പിത്തമഗ്നിരിതി നേച്ഛന്തി ദോഷാദിസംയോഗവിശേഷജനിതോഽന്തഃശരീര ഊഷ്മാ ഗ്രഹണ്യധിഷ്ഠാനഃ പാകരാഗാദികമ്മാഗ്നിരിത്യാഹുഃ. അഥാനന്തരമസ്യ ഗ്രന്ഥസ്യ താല്പര്യാർത്ഥ ഉച്യതേ. ഇഹായുർവ്വേദേ ഉഭയേഷാമാചായ്യാണാം ഭിന്നദർശനം. ഏകേഷാമന്തരാഗ്നിപാകപ്രാന്നസാരാൽ ക്രമേണ ധാതുപരിപോഷോഽന്യേഷാം യൈഗപദ്യേനേതി".

(ഇന്ദുഃ സംഗ്രഹം I. പേ. 333.)

അന്തരാഗ്നി പക്വമായിരിക്കുന്ന അന്നസാരത്തിൽനിന്നു ക്രമേണ ഓരോ ധാതുക്കളിലും അതാതിന്റേതായ പചനക്രിയ നടക്കുന്നതുകൊണ്ടു ധാതുപരിപോഷമുണ്ടാകുന്നു എന്നാണല്ലോ വാഹടാഭിപ്രായം. എന്നാൽ ചരകമതാനുസാരേണ ചിന്തിക്കുന്നതായാൽ

"ദോഷധാതുമലസന്നിപാതജനിതോഽന്തരുഷ്മാ യഥാ നിർദ്ദിഷ്ടാധിഷ്ഠാനകമ്മാഗ്നിരിതി"

എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു് അന്നസാരത്തിൽനിന്നു രസധാതുവാകുന്നതിനുള്ള പചനക്രിയ നടക്കുന്നതിനോടൊപ്പംതന്നെ ഓരോ ധാതുക്കളിലും പചനക്രിയ നടക്കുന്നു എന്നാണല്ലോ വിചാരിക്കേണ്ടതു്.

ഒരു വസ്ത്രനിർമ്മാണശാലയിൽ പഞ്ഞി വൃത്തിയാക്കൽ തുടങ്ങി വസ്ത്രനിർമ്മാണംവരെയുള്ള പ്രവൃത്തികളും ഓരോന്നായി ഓരോ യന്ത്രങ്ങളും ചെയ്യുന്നുഎന്നും, ഒരേസമയത്തു് എല്ലായന്ത്രങ്ങളും അതാതിന്റെ ജോലികളും നിർവഹിക്കുന്നു എന്നും പറയുന്നതുപോലെയുള്ള അന്തരമേ വാഹടചരകമതാനുസാരേണയുള്ള അഭിപ്രായഭിന്നതയ്ക്കു കൽപ്പിക്കേണ്ടതുള്ളൂ.

"തൃക്തദ്രവത്വം" എന്ന പദത്തിനു "തൃക്തദ്രവസ്വഭാവം" അതായതു "തൃക്തദ്രവസാത്മ്യരൂപസ്വഭാവം" എന്നതന്നെ അർത്ഥം കല്പിക്കുന്നതിനു നിവൃത്തിയുള്ളൂ. പിത്തവിശേഷമായി ദ്രവരൂപമായ പാചകപിത്തം ദ്രവത്തിന്റെ കർമ്മമായ പ്രകൃഷ്ടഭേദത്തെയല്ല തൈജസഗുണോൽകർഷം കൊണ്ടു പചനകർമ്മത്തെയാണു ചെയ്യുന്നതു് എന്നു താല്പര്യം.

ഉദാഹരണമായി തപ്തമായിരിക്കുന്ന ജലം ശരീരസ്പർശത്തിങ്കൽ ദ്രവത്തിന്റെ കർമ്മത്തെചെയ്യാതെ ദാഹകർമ്മത്തെയല്ലയോ ചെയ്യുന്നതു്? അതുപോലെ sulphuric acid ഒരു ദ്രവദ്രവ്യമാണെങ്കിലും ശരീരസ്പർശത്തിങ്കൽ അതു ദാഹകർമ്മത്തെയാണു ചെയ്യുന്നതു്. കുറച്ചു പഞ്ഞിയോ ഒരു ശീലക്കഷണമോ അതിലിട്ടാൽ അതു കരിയുന്നതായുംകാണാം.

ഈവിധം ചിന്തിക്കുമ്പോൾ പാചകപിത്തം ദ്രവമാണെങ്കിലും പചനകർമ്മത്തെയാണു ചെയ്യുന്നതെന്നു മാത്രമാണു തൃക്കുന്നവേതപമെന്നതിന്റെ അർത്ഥമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

"ഉഷ്മളങ്ങളായ പിത്തനീരുകളും ചെറുകുടലിൽവന്നു വീഴുകത്തിനുള്ള പ്രവർത്തനങ്ങളും നടത്തുമ്പോൾ ആ ഉഷ്മാവുകൊണ്ടു ചെറുകുടലിന്റെ ഭിത്തിക്കു കേടുപറ്റാതിരിക്കാൻ അതിന്റെ അകഭാഗത്തുചെയ്തിരിക്കുന്ന ഒരാവരണമാണു കലാശ്രപയായ ഗ്രഹണിഎന്നു നിർണ്ണയിക്കാനാണു സുശ്രുതമതത്തിലെ "പിത്തധരകലാ" എന്ന കല്പനകൊണ്ടു വഴികാണുന്നതു്" എന്ന വൈദ്യൻ തിരുമുല്പാടിന്റെ ആശയത്തോടും ഞാൻ യോജിക്കുന്നില്ല.

ജാരാഗ്നിയുടെ ആധാരമായ ഗ്രഹണിയേക്കുറിച്ചു പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണല്ലോ.

"തദധിഷ്ഠാനമന്നസ്യ
ഗ്രഹണാൽ ഗ്രഹണീ മതാ,
സൈവ ധനപന്തരിമതേ
കലാ പിത്തധരാഹ്വയാ,
ആയുരാരോഗ്യവീര്യോജ്ജാ
ദേഹധാതഗ്നിപുഷ്ടയേ,
സ്ഥിതാ പകാശയദ്വാരി
ഭക്തമാഗ്ര്യാഗ്ര്യമേവ സാ."

(അ. എ. ശാരീരം. അ. 3)

ഈ ശാസ്ത്രഭാഗത്തിന്റെ ഇന്ദുവ്യാഖ്യാനംകൂടെ താഴെ ചേർക്കുന്നു.

"തസ്യ ജാരാഗ്നേരാധാരസ്യാന്നഗ്രഹണാൽ ഗ്രഹണീ സംജ്ഞാ. ആമപകാശയമദ്ധ്യസ്ഥസ്യ ധമനീവിശേഷസ്യ ഗ്രഹണീസംജ്ഞേതി ഭാവഃ. സൈവ ഗ്രഹണ്യാഖ്യാ പിത്തധരാ നാമ കലാമയ്യാദ്യാ ആമാശയേഽഗ്ന്യധിഷ്ഠാനമിതി ധനപന്തരിവചനേന ധനപന്തരിസിദ്ധാന്തോഽസ്യാപ്യനുമത ഏവേതി ദ്യോത്യതേ. അന്യഥാ ചേൽ തസ്യാഗ്നേരധിഷ്ഠാനഭൂതം യൽകിഞ്ചന വിദ്യതേ തസ്യൈവ നാമേതി വക്തും ശക്യതേ. ഉക്തഞ്ച– ഷഷ്ഠീ പിത്തധരാ നാമ പകാമാശയമദ്ധ്യസ്ഥാ സ്നായവന്ത്രാധിഷ്ഠാനതയാഽമാശയാൽ പകാശയോന്മുഖമന്നം ബലേ

ന വിധാവ്യ പിത്തതേജസാ ശോഷയതി പചതി ച" ഇത്യാദി".

(ശാരീരം ഇന്ദു: II. പേ. 30)

ഈ പറഞ്ഞതിൽനിന്നും ആമപക്വാശയമദ്ധ്യസ്ഥമായിരിക്കുന്ന ധമനീവിശേഷത്തിന്റെ സംജ്ഞയാണ ഗ്രഹണി എന്നും ഗ്രഹിക്കാവുന്നതാണ്. കൂടാതെ പക്വാമാശയമദ്ധ്യസ്ഥയായി സ്ഥായ്വന്തരാധിഷ്ഠാനതഹേതുവായി പക്വാശയോന്മുഖമായ അന്നത്തെ വിദാരണംചെയ്തു പിത്തതേജസ്സും കൊണ്ടു പചനകർമ്മം നിർവ്വഹിക്കുന്ന പിത്തധരയായ കലാമയ്യാദയും ഗ്രഹണി എന്ന അവയവവിശേഷവും ഒന്നുതന്നെയെന്നാണല്ലോ വ്യക്തമാകുന്നതു്.

ആമാശയത്തിന്റെ അധോഭാഗത്തുനിന്നും ക്ഷുദ്രാന്ത്രവുമായി ബന്ധിക്കപ്പെടുന്നതും പാശ്ചാത്യാചാര്യന്മാരാൽ Duodenum (first part of the small intestines below the Pylorus എന്നു വ്യവഹരിക്കപ്പെടുന്നതുമായ പക്വാശയത്തിന്റെ ആദ്യഭാഗത്തെയാണ ഗ്രഹണീശബ്ദംകൊണ്ടു വ്യവഹരിക്കപ്പെടുന്ന സ്ഥായ്വന്തരാധിഷ്ഠാനമായ ആന്തരവയവം എന്നു വിചാരിക്കാനേ നിവൃത്തിയുള്ളു. അവിടെവെച്ചാണല്ലോ പക്വാശയോന്മുഖമായിരിക്കുന്ന അന്നത്തിന്റെ പചനം നടക്കുന്നതും.

"ഷഷ്ഠീ പിത്തധരാ നാമ യാ ചതുർവ്വിധമന്നപാനമുപഭുക്തമാമാശയാൽ പ്രച്യുതം പക്വാശയോപസ്ഥിതം ധാരയതി"

എന്നും (സുശ്രുതം. ശാരീരം. അ. 4. പേ. 276)

"ഷഷ്ഠീ പിത്തധരാ നാമ
യാ കലാ പരികീർത്തിതാ,
പക്വാമാശയമദ്ധ്യസ്ഥാ
ഗ്രഹണീ സാ പ്രകീർത്തിതാ".

(സുശ്രുതം. ഉത്തരം. അ. 40. പേ. 603) എന്നും ഉള്ള സുശ്രുതവചനങ്ങളിൽനിന്നും ഗ്രഹണി എന്ന സ്ഥായ്വന്തരാധിഷ്ഠാനമായി അംഗ്യധിഷ്ഠിതമായ ആന്തരവയവത്തെത്തന്നെയാണ പിത്തധരകലാശബ്ദംകൊണ്ടു സൂചിപ്പിക്കുന്നതെന്നു വ്യക്തമാണല്ലോ.

ആപ്തവചനങ്ങളിൽ പരസ്പരവിരോധം കാണുന്നതായാൽ അവ കേവലം ശിഷ്യബുദ്ധിവികാസാർത്ഥം പ്രതിപാദിതങ്ങളാണെന്നും തത്തൽ സിദ്ധാന്തവചനങ്ങളെക്കൊണ്ടു് അവയ്ക്കു പരിഹാരംകാണേണ്ടതാണെന്നുള്ള

ഏകദ്യാകാരവാക്യം ഇവിടെ പ്രത്യേകം സ്മരണീയമാണ്. അതു് ഇപ്രകാര മാകുന്നു.

"ഉക്തിഭിഃ കലഹോ യോഽസൌ
മുനീനാം ശാസ്ത്രഗോചരഃ,
ശിഷ്യബുദ്ധിവിവൃദ്ധ്യർത്ഥാ
ന പരീഹാരമർഹതി,
യോഽസൌ വാക്യൈകഗമ്യോർത്ഥേ
വിരോധഃ പ്രതിഭാസതേ,
വ്യാഖ്യാത്രാപരിഹർത്തവ്യാ
തത്തൽസിദ്ധാന്തകീർത്തനൈഃ"

ഇപ്രകാരം പറഞ്ഞു് ഈ ഉൽഘാടനപ്രസംഗം ഉപസംഹരിച്ചുകൊണ്ടു ചർച്ചാസമ്മേളനം ഉൽഘാടനം ചെയ്തുകൊള്ളുന്നു.

Printed at
The Vaidyasarathy Press,
KOTTAYAM.

Printed at
The Vaidyasarathy Press,
KOTTAYAM.